**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 662** **02-02-2023 - ൽ മറുപടിയ്ക്ക്**

**2022-23 സംരംഭക വർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചതിനുശേഷം സംസ്ഥാനത്ത് ഡിസംബർ 2022 വരെയായി എത്ര പേർക്ക് തൊഴിൽ നൽകുവാനും എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടാക്കുവാനും സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചു കൊണ്ട് കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പുതിയതായി ആരംഭിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയിൽ 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 7710.85 കോടി രൂപയുടെ നിക്ഷേപവും 2,73,931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |

സെക്ഷൻ ഓഫീസർ